# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 316 | 25.04.2017 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികൾ വഴി നടത്തുന്ന മാതൃകാ പദ്ധതികൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ബി.സത്യൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) അംഗൻവാടികൾ വഴി നടത്തുന്ന മാതൃകാ പദ്ധതികൾ ഏതെല്ലാം; ആറ്റിങ്ങൽ മണ്ഡലത്തിൽ ഏതെല്ലാം അംഗൻവാടികൾ തെരഞ്ഞെടുത്തിട്ടുണ്ട്; എത്ര തുക നീക്കി വച്ചിട്ടുണ്ട്; | (എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ മാതൃകാ അങ്കണവാടി കെട്ടിടനിർമ്മാണത്തിന് കിളിമാനൂർ ഐ.സി.ഡി.എസ് പ്രോജക്ടിലെ നഗരൂർ ഗ്രാമപഞ്ചായത്തിലെ 100-ാം നമ്പർ അങ്കണവാടിയെ തെരഞ്ഞെടുത്തിട്ടുള്ളതും ആയതിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ടി ആവശ്യത്തിലേയ്ക്കായി വകുപ്പ് വിഹിതമായി 16,73,894/- രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി 2 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) അച്ഛനമ്മമാർ മരണമടഞ്ഞ കുട്ടികൾക്ക് ധനസഹായവും, വാർഷിക സ്കോളർഷിപ്പും നൽകുന്ന ഏതെല്ലാം പദ്ധതികൾ നിലവിലുണ്ട്; | (ബി) മാതാവോ, പിതാവോ അല്ലെങ്കിൽ ഇരുവരും മരണമടഞ്ഞ നിർദ്ധനരായ ഗവ./എയ്ഡഡ് സ്കൂൾ/ കോളേജുകളിൽ ബിരുദം വരെ പഠിക്കുന്ന കുട്ടികൾക്ക് 'സ്നേഹപൂർവ്വം' പദ്ധതി പ്രകാരം വാർഷിക ധനസഹായം നൽകുന്നുണ്ട്. |
| (സി) പദ്ധതികൾക്കുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടത്; വിശദമാക്കുമോ; | (സി)I. പഠിക്കുന്ന കുട്ടികൾ വെള്ളപേപ്പറിലുള്ള അപേക്ഷ ചുവടെപ്പറയുന്ന സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം സ്ഥാപന മേധാവിക്ക സമർപ്പിക്കണം<br>(i) ബി.പി.എൽ റേഷൻ കാർഡിന്റെ പകർപ്പ്/ ബി.പി.എൽ സാക്ഷ്യപത്രം അഥവാ എ.പി.എൽ ആണെങ്കിൽ, കുടുംബവാർഷിക വരുമാന പരിധി ഗ്രാമ പ്രദേശങ്ങളിൽ 20,000/- രൂപയിലും നഗരപ്രദേശങ്ങളിൽ 22,375/- രൂപയിലും അധികരിക്കാത്തതാണെന്ന് കാണിക്കുന്ന റവന്യൂ അധികൃതരുടെ വരുമാന സർട്ടിഫിക്കറ്റ് |

| | |
|---|---|
| | (ii) മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ടതിന്റെ അംഗീകൃത മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്<br>(iii) അപേക്ഷകന്റെ ആധാർ കാർഡിന്റെ പകർപ്പ്<br>(iv) കുട്ടിയുടെയും രക്ഷകർത്താവിന്റെയും പേരിൽ കോർബാങ്കിംഗ് സംവിധാനമുള്ള നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കിൽ നിലവിലുള്ള ജോയിന്റ് അക്കൗണ്ടിന്റെ പകർപ്പ്.<br><br>2. 5വയസ്സിനു താഴെയുള്ള കുട്ടികളുടെ കാര്യത്തിൽ മുകളിൽ സൂചിപ്പിച്ച രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറത്തിൽ കേരള സാമൂഹ്യ സുരക്ഷ മിഷന്റെ ഓഫീസിൽ നേരിട്ട് അപേക്ഷ നൽകാവുന്നതാണ്.<br>3. എല്ലാ അദ്ധ്യയന വർഷങ്ങളിലും പ്രസ്തുത പദ്ധതിയ്ക്കായി ഓൺലൈനായി അപേക്ഷ ക്ഷണിക്കുമ്പോൾ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപന മേധാവികൾ മുഖേന അർഹതയുള്ള അപേക്ഷകൾ ഓൺലൈനായി അപേക്ഷ സമർപ്പിച്ച് ആയതിനു ശേഷം ലഭിക്കുന്ന പ്രിന്റ്ഔട്ട് സ്ഥാപന മേധാവിയുടെ ഒപ്പും സ്ഥാപനത്തിന്റെ സീലും സഹിതം സാമൂഹ്യ സുരക്ഷ മിഷന്റെ ആഫീസിൽ ലഭിക്കുന്ന മുറയ്ക്ക് അർഹതപ്പെട്ട അപേക്ഷകൾ അംഗീകരിച്ച് ധനസഹായം അവരുടെ ജോയിന്റ് അക്കൗണ്ടിലേയ്ക്ക് ഡയറക്ട് ബെനിഫിഷറി ട്രാൻസ്ഫർ (ഡിബിറ്റി)ആയി നൽകുന്നു. |
| (ഡി) എത്ര തുകയാണ് പദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ളത്? | (ഡി) 2017-18 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ